**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1220** **04-07-2022 - ൽ മറുപടിയ്ക്ക്**

**മോറക്കാല-താളിക്കല്ല് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് പഞ്ചായത്തിലെ നിർമ്മാണം പൂർത്തിയായ മാഞ്ചേരിക്കുഴി പാലത്തിന് അനുബന്ധമുള്ള മോറക്കാല-താളിക്കല്ല് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | മോറയ്ക്കാല - താളിക്കല്ല് റോഡ് പൊതുമരാമത്ത് വകുപ്പ് റോഡായ മനയ്ക്കക്കടവ് - മോറയ്ക്കാല റോഡിന്റെ 1/900 കിലോമീറ്ററായ വെസ്റ്റ് മോറയ്ക്കാലയിൽ നിന്നും തുടങ്ങി മഞ്ചേരിക്കുഴി പാലം വരെ 900 മീറ്റർ വരുന്നതും, നിലവിൽ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതും ആകുന്നു. മഞ്ചേരിക്കുഴി പാലം കുന്നത്തുനാട് നിയോജക മണ്ഡലത്തേയും, തൃക്കാക്കര മണ്ഡലത്തേയും ബന്ധിപ്പിക്കുന്നതും, ഇൻഫോപാർക്ക് കാക്കനാട് മുതലായ സ്ഥലങ്ങളിലേക്ക് എത്തിച്ചേരുന്നതിനും ഉള്ള പാതയായ തിനാൽ മഞ്ചേരിക്കുഴി പാലത്തിലേക്കുള്ള ഈ അനുബന്ധ റോഡ് വികസിപ്പിക്കേണ്ടതായിട്ടുണ്ട്. ബഹു. കുന്നത്തുനാട് എം.എൽ.എ.യുടേയും, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടേയും ആവശ്യപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ റോഡ് സന്ദർശിക്കുകയും, നിലവിൽ 20 എം.എം. ചിപ്പിങ്ങ് കാർപ്പറ്റ് രീതിയിൽ ചെയ്തിരിക്കുന്ന ഈ റോഡ് വീതി കൂട്ടി ബി.എം.&ബി.സി ചെയ്ത് പുനരുദ്ധരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് 2.25 കോടി രൂപയ്ക്ക് തയ്യാറാക്കിയിട്ടുണ്ട്.<br><br>പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത റോഡ് ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | മോറയ്ക്കാല - താളിക്കല്ല് റോഡ് പൊതുമരാമത്ത് വകുപ്പ് റോഡായ മനയ്ക്കക്കടവ് - മോറയ്ക്കാല റോഡിന്റെ 1/900 കിലോമീറ്ററായ വെസ്റ്റ് മോറയ്ക്കാലയിൽ നിന്നും തുടങ്ങി മഞ്ചേരിക്കുഴി പാലം വരെ 900 മീറ്റർ വരുന്നതും, നിലവിൽ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതും ആകുന്നു. മഞ്ചേരിക്കുഴി പാലം കുന്നത്തുനാട് നിയോജക മണ്ഡലത്തേയും, തൃക്കാക്കര |

| | | | |
|---|---|---|---|
| | | | മണ്ഡലത്തേയും ബന്ധിപ്പിക്കുന്നതും, ഇൻഫോപാർക്ക് കാക്കനാട് മുതലായ സ്ഥലങ്ങളിലേക്ക് എത്തിച്ചേരുന്നതിനും ഉള്ള പാതയായ തിനാൽ മഞ്ചേരിക്കുഴി പാലത്തിലേക്കുള്ള ഈ അനുബന്ധ റോഡ് വികസിപ്പിക്കേണ്ടതായിട്ടുണ്ട്. ബഹു. കുന്നത്തുനാട് എം.എൽ.എ.യുടേയും, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടേയും ആവശ്യപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ റോഡ് സന്ദർശിക്കുകയും, നിലവിൽ 20 എം.എം. ചിപ്പിങ്ങ് കാർപ്പറ്റ് രീതിയിൽ ചെയ്തിരിക്കുന്ന ഈ റോഡ് വീതി കൂട്ടി ബി.എം.&ബി.സി ചെയ്ത് പുനരുദ്ധരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് 2.25 കോടി രൂപയ്ക്ക് തയ്യാറാക്കിയിട്ടുണ്ട്.<br><br>പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ